5528

# അത്ഭുതവാർത്തകൾ

BY

PROF. GEORGE THARIAN

വിതരണക്കാർ:

## തയ്യിൽനഗർ ബുക്ക്സ്റ്റാൾ

P. O. തയ്യിൽനഗർ, കോഴഞ്ചേരി.

വില ക 1

G. T. PRESS, KOTTAYAM.

5528
D. [illegible]. 36.

# അത്ഭുത വാർത്തകൾ

BY

PROF. GEORGE THARIAN

THARIANNAGAR

COPYRIGHT RESERVED

*"Man survives earthquakes, epidemics, the horrors of disease and all the agonies of the soul, but, for all time, his most tormenting tragedy has been and is, and will be, the tragedy of the bedroom."*

*— Leo Tolstoy*

# പ്രസ്താവന

ലോകത്തിൽ സംഭവിച്ചിട്ടുള്ള ഏതാനും ലൈംഗികപരമായ അത്ഭുതവാർത്തകൾ ആണ് ഈ പുസ്തകത്തിൽ നിങ്ങൾക്ക വായിക്കുവാൻ സാധിക്കുന്നത്. ചില വാർത്തകൾ അതിശയോക്തിയായി നിങ്ങൾക്ക തോന്നിയേക്കാം. പക്ഷെ ലൈംഗികപരമായ വാർത്തകൾ അത്ര രസം പിടിപ്പിക്കുന്നതാണെന്ന മനസ്സിലാക്കണം. മനുഷ്യൻ ഭ്രാന്തനാണ്. പ്രത്യേകിച്ച് ലൈംഗികപരമായ കാര്യങ്ങളിൽ. അതിൽ അതിശയോക്തി കലരുകയില്ല.

മനുഷ്യനുണ്ടായ കാലംമുതൽ സെക്സിനെ സംബന്ധിച്ച ധാരാളം വാർത്തകളും ഉണ്ടായി. അതാരും കെട്ടിച്ചമച്ചതല്ല. എല്ലാ ലൈംഗികപരമായ രീതികളും ചെയ്തികളും നിങ്ങൾക്ക് അത്ഭുതം നൽകുന്നവയായിരുന്നേക്കാം. അതുപോലെ നിങ്ങളുടെ ലൈംഗിക ജീവിതരഹസ്യങ്ങളും പുളിച്ചു തികട്ടുന്നവ ആയിരുന്നേക്കാം.

കഴിഞ്ഞ ഒരു ദശവർഷത്തിനുള്ളിൽ ഉദ്ദേശം അഞ്ചുലക്ഷം ആളുകളുടെ രഹസ്യജീവിതത്തെ സംബന്ധിച്ച് എനിക്ക മനസ്സിലാക്കാൻ കഴിഞ്ഞു. ആ കൂട്ടത്തിൽ പെൺമക്കളുമായി രമിച്ചിട്ടുള്ള പിതാക്കന്മാരേയു, മാതാക്കളുമായി രമിച്ചിട്ടുള്ള പുത്രന്മാരേയും, പെങ്ങളുമായി രമിച്ചിട്ടുള്ള ആങ്ങളമാരേയും, മൃഗങ്ങളുമായി ലൈംഗികവികൃതികൾ കാട്ടിയ ഭയങ്കരന്മാരെയും, മേശപ്പലകയിൽ ദ്വാരം ഉണ്ടാക്കി ലിംഗം അതിൽ പ്രവേശിപ്പി

ച്ചു കാമപ്പേക്കൂത്തുകൾ കാണിച്ചിട്ടുള്ള വിദ്വാന്മാരെയും, ആർട്ടിഫിഷ്യലായ ഉപകരണങ്ങൾ മൂലം കാമസംതൃപ്തി നേടിയിട്ടുള്ള സ്ത്രീപുരുഷന്മാരെയും, ആണുങ്ങളെ ഓടിച്ചുപിടിച്ച് മൈഥുനത്തിനും കാമദാഹശമനത്തിനും ഇരയാക്കിയിട്ടുള്ള ഭയങ്കരികളെയും കണ്ടുമുട്ടിയിട്ടുണ്ട്. എനിക്കതിൽ അത്ഭുതം തോന്നിയില്ല. കാമത്തെ സംബന്ധിച്ചിടത്തോളം ഇതൊന്നും കൂടിയ കാര്യങ്ങളല്ല. ഇതും ഇതിലപ്പുറവും സംഭവിച്ചിട്ടുണ്ട്. ഇനിയും സംഭവിക്കുകയും ചെയ്യും

പല ജോലിത്തിരക്കുമൂലം ഈ പുസ്തകത്തിന്റെ എഡിറ്റിംഗ് ഞാൻ വിചാരിച്ചിരുന്ന രീതിയിൽ ഭംഗിയാക്കാൻ സാധിച്ചിട്ടില്ല. ആ കുറവിനെ വായനക്കാർ ക്ഷമിക്കുമെന്നു വിശ്വസിക്കുന്നു.

കസ്തൂർനഗർ,
നവ: 1957.

ഗ്രന്ഥകർത്താ:

# അത്ഭുത വാർത്തകൾ

### ഒരു കൊല്ലത്തിൽ രണ്ടിരട്ട പ്രസവം

യു. എസ്. എ യിൽ മിൽവാക്ക് എന്ന സ്ഥലത്ത് മിസ്സസ് ലൂയീസ് വാൾത്തർ എന്ന സ്ത്രീക്ക് കുട്ടികളില്ലായിരുന്നു. പക്ഷെ 1954 സെപ്റ്റംബർ 4-ാം തീയതി അവർ രണ്ടിരട്ട പെൺകുട്ടികളെ പ്രസവിച്ചു വീണ്ടും 1955 ആഗസ്റ്റ് 30-ാം തീയതി ഒരു പെൺകുട്ടിയെയും ഒരാൺകുട്ടിയെയും ഇരട്ട പ്രസവിച്ചു നോക്കുക ഒരുകൊല്ലത്തിനകം 4 കുട്ടികളുടെ മാതാവാകാൻ സാധിച്ച സ്ത്രീയുടെ ഭാഗ്യം.

### മൂന്നു തലയുള്ള ശിശു

മൂന്നു തലയും നാലു കാലും നാലു കയ്യും ഉള്ള ഒരു ശിശുവിനെ സാംസൺ എന്ന സ്ഥലത്ത് ഒരു സ്ത്രീ പ്രസവിച്ചതായി അമേരിക്കൻ മെഡിക്കൽ അസോസിയേഷന്റെ ജേർണലിൽ പ്രസ്താവിച്ചിരിക്കുന്നു ശിശു രണ്ടു മണിക്കൂർ മാത്രമേ ജീവിച്ചിരുന്നുള്ളു. ശവം പരിശോധിച്ചതിൽ നാലു കരളും മൂന്നു തലച്ചോറും രണ്ടു ചങ്കും രണ്ടു കിഡ്നിയും ആ ശിശുവിനുണ്ടായിരുന്നതായി റിപ്പോർട്ടു ചെയ്തിട്ടുണ്ട്.

80 വയസ്സുള്ള വൃദ്ധന്ന് ഇരട്ടസന്താനങ്ങൾ

വാൾട്ടർ കക്ക് എന്ന 80 വയസ്സുള്ള കൃഷീവലന്ന തന്റെ ഇരുപത്തിഏഴാമത്തെയും ഇരുപത്തിഎട്ടാമത്തെയും സന്താനങ്ങൾ ഉണ്ടായതായി യുണൈറ്റഡ് പ്രസ് റിപ്പോർട്ട ചെയ്യുന്നു. ഭാര്യയ്ക്കു 42 വയസ്സ് പ്രായമുണ്ട്.

ഗർഭിണികളുടെ ഉറക്കം

സാധാരണയുള്ള ഉറക്കത്തിന്റെ 17 ശതമാനം കൂടെ ഉറക്കം സ്ത്രീകൾക്കു പൂർണ്ണഗർഭിണി ആകുമ്പോഴേയ്ക്കു ഉണ്ടാകും എന്നു ഡോക്ടർ എസ്. എ. അലക്സാണ്ടർ റെറക്സാഡു് അഭിപ്രായപ്പെട്ടിരിക്കുന്നു

പട്ടികളുടെ കാമീയജീവിതം

സാധാരണ റൂത്ത് പെയിസ്റ്റിലും മററും ചേർന്നതായ "ക്ലാറോഫിൽ" പട്ടികൾക്കു വേണ്ടത്ര ഡോസിനു കൊടുത്താൽ, പട്ടിയുടെ ശരീരത്തിൽ നിന്നുണ്ടാകുന്ന മൂത്രവു് നാററം നശിക്കുന്നതിനു പുറമെ അവയുടെ കാമവികാരങ്ങളും നശിക്കപ്പെടുന്നു. ചുരുക്കിപ്പറഞ്ഞാൽ "ക്ലോറോഫിൽ" കൊടുത്താൽ പട്ടിയുടെ കാമീയജീവിതത്തിനു പൂർണ്ണവിരാമമിടുവാൻ സാധിക്കുന്നതാണ്.

നഗ്നഫോട്ടോ ഫിലിം

"ദി ഗാർഡൻ ഓഫ് ഏഡൻ" എന്ന ചലച്ചിത്രത്തിൽ നഗ്നമായി സ്ത്രീകൾ കളിക്കുന്നതിനെയാണ്

ചിത്രീകരിച്ചിട്ടുള്ളത്. കൊളറാഡോയിൽ, ഈ ചിത്രം പ്രദർശിപ്പിച്ചപ്പോൾ 90 ശതമാനം കാഴ്ചക്കാരും ഈ ചിത്രം അശ്ലീലമല്ലാത്തതാണെന്നു സമ്മതിക്കയുണ്ടായി. ആ കാഴ്ചക്കാരിൽ ജഡ്ജിമാർ, വക്കീലന്മാർ, പോലീസുദ്യോഗസ്ഥന്മാർ, വിദ്യാഭ്യാസ വിദഗ്ദ്ധന്മാർ, പാതിരിമാർ ഡോക്ടറന്മാർ, പത്രാധിപന്മാർ തുടങ്ങി എല്ലാവിധ തുറയിലും, പ്രാമാണ്യം സിദ്ധിച്ചവർ ഉൾപ്പെട്ടിരുന്നു ഈ പടം ഫിലിമാക്കിയെടുത്തതു് പ്ളോറിഡായിലുള്ള "നഗ്നത പ്രസ്ഥാന ക്യാമ്പിൽ" വച്ചായിരുന്നു എന്ന സംഗതിയും സ്മരണീയമാണു.

## അമേരിക്കൻ വനിതകളും സൗന്ദര്യവും

വീനസ് ഡി മൈലോ എന്നതു് ലോകപ്രസിദ്ധമായ ഒരു പ്രതിമയാണു്. ഒരു സൗന്ദര്യറാണിയുടെ പ്രതിമയാണിതു് വീനസ് ഡി മൈലോയ്ക്കു് 36 ഇഞ്ചു് മാറ്റു് വണ്ണവും 26 ഇഞ്ചു് അരവണ്ണവും 22 1/2 ഇഞ്ചു് തുടവണ്ണവും അഞ്ചടി നാലിഞ്ചു് ഉയരവുമുണ്ടു്. സാധാരണ അമേരിക്കൻ വനിതയ്ക്കു 35 1/2 ഇഞ്ചു് മാർവ്വു് വണ്ണവും 29 1/4 ഇഞ്ചു് അരവണ്ണവും 22 ഇഞ്ചു് തുടവണ്ണവും അഞ്ചടി നാലിഞ്ചു് ഉയരവുമുണ്ടു്. എന്താ അമേരിക്കൻ വനിതകളുടെ സൗന്ദര്യം!

ഒക്ലഹോമാ സർവ്വകലാശാലയിൽ നടത്തിയ റിസേർച്ചിൻെറഫലമായി സാധാരണ പെൺകുട്ടികൾ ലൈംഗികപരമായ ജ്ഞാനം ആദ്യമായി കരസ്ഥമാക്കു

ന്നത് കൂട്ടുകാരിൽനിന്നാണെന്ന് കണ്ടുപിടിച്ചിരിക്കുന്നു.
പക്ഷേ അപ്രകാരം ലഭിച്ച അറിവു തെററായതും ശാ
സ്ത്രീയമല്ലാത്തതും ആയിരുന്നു. ഒരു പെൺകുട്ടി പറ
ഞ്ഞതു് പ്രത്യേകം ശ്രദ്ധാർഹമാണ് "ഞാൻ വിചാരി
ച്ചിരുന്ന തരത്തിലല്ല ലൈംഗികപരമായ കാര്യങ്ങളുടെ
യഥാർത്ഥസ്ഥിതി. എനിക്കുണ്ടായിരുന്നതു വലിയ തെററാ
യ അറിവുകളായിരുന്നു. മാതാപിതാക്കന്മാർ എനിക്കു
പറഞ്ഞുതരേണ്ടതായിരുന്ന പല സംഗതികളും ഞാൻ
ഗ്രഹിച്ചതു് വിദ്യാഭ്യാസംപോലും ഇല്ലാതിരുന്ന ആ
ളിൽനിന്നാണ്" വേറൊരു കുട്ടി പറഞ്ഞതു് ലൈംഗി
ക വിദ്യാഭ്യാസം സ്കൂളുകളിൽതന്നെ നടത്തണമെ
ന്നാണ്.

ചുംബനകല.

ചുംബനം ഒരു കലയാകുന്നു. ശരിയായി ശാസ്ത്രീ
യമായി ചുംബിക്കയെന്നതു് ഒരു വലിയ നേട്ടമാണ്! ക
രുതിയിരുന്ന കാലം ക്രമേണ മാറിപ്പോകയാണിപ്പോൾ
ഒരുകാലത്തു് ചുംബനം ഇംഗ്ലീഷ്കാരുടെ സാമൂഹ്യ
ജീവിതത്തിൽ ഒരു പ്രധാന പങ്കു വഹിച്ചിരുന്നു. ഇന്നു
അന്യോന്യം രണ്ടു വ്യക്തികൾ കണ്ടുമുട്ടുമ്പോൾ നടത്തു
ന്ന ഹസ്തദാനത്തിനു പകരം അന്നു നടപ്പിലിരുന്നതു് ചും
ബനം ചെയ്യുക എന്ന രീതിയായിരുന്നു. അക്കാലത്തു്
ഒരു അതിഥി ആതിഥേയന്റെ വീട്ടിൽ ചെല്ലുമ്പോൾ
അതിഥേയയെ (പരദാരത്തെ) ആദ്യം ചുംബിക്കണം,
പിന്നെ പെൺമക്കളെയും, അവസാനം വേലക്കാരിയെ
യും ചുംബിക്കണമെന്നായിരുന്നു കസ്റ്റം. പക്ഷേ ഇന്നു

ഈ ചുംബനംതന്നെ ക്രമേണ അന്തർദ്ധാനം ചെയ്യുവാൻ പോകയാണു്.

### ആസ്ത്രേലിയായിലേക്കു് സ്ത്രീകളെ കയററുമതി നടത്തുന്നു

ആസ്ത്രേലിയായിൽ സ്ത്രീകളുടെ സംഖ്യ വളരെ കുറഞ്ഞുപോയതിനാൽ, ഇംഗ്ലണ്ടിൽനിന്നും യൂറോപ്പിൽനിന്നും ധാരാളം സ്ത്രീകൾ ആസ്ത്രേലിയായിലേക്കു് കപ്പൽ കയറുന്നു എന്നാണു് വാർത്ത. ഇംഗ്ലണ്ടിലും യൂറോപ്പിലും ഒരു പുരുഷനു രണ്ടു സ്ത്രീ എന്ന കണക്കിനു ജനസംഖ്യയുണ്ടു് ഭർത്താക്കന്മാരെ കിട്ടാതെ വലയുന്ന സ്ത്രീകൾ, ആസ്ത്രേലിയായിൽ കാൽ കുത്തിയാലുടനെ നല്ല ആണുങ്ങൾ തട്ടിക്കൊണ്ടുപോകുന്നു ഏതായാലും ഭർത്താക്കന്മാരെ കിട്ടാത്ത സ്ത്രീകൾക്കിതു വലിയ ഒരു ആശ്വാസംതന്നെ ആയിരിക്കും.

### പ്രേമം എന്നാൽ എന്തു്?

സുപ്രസിദ്ധ സിനിമാതാരമായ ഗ്ലോറിയാ സ്വാൻസൺ എന്ന അമേരിക്കൻയുവതി സ്നേഹത്തെ സംബന്ധിച്ചു വിവരിക്കുന്നതു നോക്കുക. "അമേരിക്കൻ പുരുഷന്മാർക്കു് സമയം നഷ്ടപ്പെടുന്നു എന്നല്ലാതെ പ്രേമം കൊണ്ടൊന്നും നഷ്ടപ്പെടുന്നില്ല ജീവിക്കുവാനുള്ള പ്രോത്സാഹനം വേണ്ടവർ പ്രേമവലയിൽ അകപ്പെടും. തന്മൂലം സമയനഷ്ടവും ഉണ്ടാകും പ്രേമമില്ലാത്തവനു ജീവിക്കുവാനുള്ള ആഗ്രഹവും പോരാടുവാനുള്ള തന്റേടവും

ഉണ്ടായിരിക്കയില്ല. ചുരുക്കിപ്പറഞ്ഞാൽ പ്രേമം വെറു മൊരു കളി (വൃത്തികളി) മാത്രമാണ്.

ഒരു പ്രസവത്തിൽ ആറു ശിശുക്കൾ

ഡഗ്ഗാസ് ളേവിയായിൽ 19 വയസ്സ് പ്രായമുള്ള ഒരു സ്ത്രീ രണ്ടു പെൺകുട്ടികളെയും നാലു ആൺകുട്ടിക ളെയും പ്രസവിച്ചിരിക്കുന്നു. പക്ഷെ, ആറു കുട്ടികളും മൂന്നു ദിവസത്തിനകം മരിച്ചുപോയി.

ഒരു പശു അഞ്ച് കിടാക്കളെ പ്രസവിച്ചു

എട്ടു വയസ്സ് പ്രായമുള്ള ഒരു പശു നാലു പശുക്കിടാ ക്കളെയും ഒരു കാളക്കിടാവിനെയു പ്രസവിച്ചിരിക്കുന്നു. ഒഹായോവിലുള്ള ആൽ ഫ്രെഡ് ഗാസർ എന്ന കൃഷീ വലനാണ് ഈ പശുവിൻെറ ഉടമസ്ഥൻ. ഇപ്രകാരമുള്ള പ്രസവം വളരെ അപൂർവ്വമാണ്. 4500000 പ്രസവ ത്തിലൊന്നു മാത്രമെ ഇങ്ങനെ വരികയുള്ളു. എന്നാണ് വിദഗ്ദ്ധാഭിപ്രായം.

ഡെൻമാർക്ക്

വിവാഹിതരും അവിവാഹിതരുമായ മാതാക്കൾ ക്ക് പ്രത്യേക ആനുകൂല്യങ്ങൾ ഡെൻമാർക്കിൽ വെസ്റ്റ് കൊടുക്കുക പതിവാണ്. ഡെൻമാർക്കിൽ ഗർഭഛിദ്രം നടത്തിക്കുന്നതു കുററകരമല്ല കഴിഞ്ഞകൊല്ലം ഉദ്ദേശം 21000 ഗർഭഛിദ്രം ഡെൻമാർക്കിൽ നടത്തിയിട്ടുണ്ടെ ന്നാണ് ഔദ്യോഗികറിപ്പോർട്ട്. 78000 ജനനം ഉണ്ടാ യതിൽ "തന്തയുള്ളതും" "തന്തയില്ലാത്തതു"മായ കുട്ടി

ക്ഷും ഉൾപ്പെടുന്നു. ഏതെങ്കിലും ഒരു തരുണിക്കു ഗർഭം അലസിപ്പിച്ചു കളയണമെന്നാഗ്രഹമുണ്ടെങ്കിൽ "മദേ ഴ്സ് വെൽഫയർ" അസോസിയേഷനിൽ സമാപേക്ഷി ച്ചാൽ മതിയാവും.

## ഹൃദ്രോഗ നിവാരണകേന്ദ്രം

കോട്ടയം പട്ടണത്തിൽ ഒരു ഹൃദ്രോഗനിവാരണ കേന്ദ്രം സ്ഥാപിക്കുവാൻ പോകുന്നതായി അറിയുന്നു. ഇ പ്പോഴെങ്കിലും ഇങ്ങനെയൊരു കേന്ദ്രം സ്ഥാപിക്കണമെ ന്നു തോന്നിയതു വളരെ പ്രാൽസാഹജനകമായിട്ടുള്ളതാ ണെന്നുള്ളതിൽ സംശയത്തിനവകാശമില്ല

## വേശ്യാലയങ്ങൾ വീണ്ടും തുറക്കപ്പെടുന്നു

അർജ്ജന്റീനിയായിലുള്ള വേശ്യാലയങ്ങൾ തുറന്നു കൊണ്ടു വ്യഭിചാരം നടത്തിക്കൊള്ളുവാനുള്ള ഓർഡർ വീണ്ടും ഉണ്ടായിരിക്കുന്നു "നല്ല നടത്ത സർട്ടിഫിക്കററും 22 വയസ്സു പൂർത്തിയായി എന്നുള്ള സർട്ടിഫിക്കററും ഉണ്ടായിരുന്നാൽ എല്ലാ സ്ത്രീക്കും വ്യഭിചാരം പബ്ലി ക്കായി തങ്ങളുടെ വാസസ്ഥലത്തു നടത്താമെന്നാണു് നിയമം.

## ഫാമിലിപ്ലാനിംഗ് ചൈനയിൽ

ചൈനയിലെ ജനപ്പെരുപ്പത്തെ തടയുവാൻ ഫാ മിലിപ്ലാനിംഗ് സിദ്ധാന്തങ്ങൾ പ്രചരിപ്പിക്കുവാനാ യി നേതാക്കന്മാർ നിശ്ചയിച്ചിരിക്കുന്നതായി ഒരു റി പ്പോർട്ടിൽ കാണുന്നു. ഇന്നു ചൈനയിലെ ജനസംഖ്യ ഉദ്ദേശം 600,000,000 ആണു്. ഇന്നത്തെ നിരക്കിൽ

ജനനനിരക്ക വർദ്ധിക്കുന്നതായാൽ 30 കൊല്ലത്തിനകം ചൈനയിലെ ജനസംഖ്യ 1,000,000,000 ആയിത്തീരുന്നതാണ്.

### അമേരിക്കൻ പുരുഷന്മാർ

ഒരു കാമുകനെന്ന നിലയിൽ അമേരിക്കൻ, ജപ്പാൻകാരനെക്കാൾ ഭയങ്കരനും ക്രൂരനുമാണ്. അമേരിക്കൻ കാമുകൻ തന്റെ കാമുകിയെ ഏറെ നേരം കവിഞ്ഞു സ്നേഹിക്കയും അവളെ ആനന്ദപുളകിതഗാത്രയാക്കുകയും ചെയ്യും.

### ലോകത്തിലേയ്ക്കും ജനനനിരക്ക കുറഞ്ഞ രാജ്യം

കഴിഞ്ഞ വർഷത്തെ കണക്കനുസരിച്ച് ആസ്ട്രേലിയായിലാണ് ഏററവും കുറഞ്ഞ ജനനനിരക്ക്. ആസ്ട്രേലിയായിലെ 44 ശതമാനം ദമ്പതികൾക്കും കുട്ടികളില്ലാത്തവരാണെന്നുള്ളതാണ് വിശേഷം.

### ഏററവും ഭാരംകൂടിയ ഇരട്ടക്കുട്ടികൾ

അമേരിക്കയിൽ സെൻറ് ജയിംസ് ഹോസ്പിററലിൽവെച്ച് മിസ്സസ് ആനിഫർമേയൻ എന്ന സ്ത്രീ രണ്ടു പെൺകുട്ടികളെ ഇരട്ട പ്രസവിച്ചിരിക്കുന്നു. ആദ്യത്തെ കുട്ടിക്ക് 8 റാത്തൽ 14 ഔൺസ് ഭാരവും, രണ്ടാമത്തെ കുട്ടിക്ക് 8 റാത്തൽ 1 ഔൺസ് ഭാരവും ഉണ്ടായിരുന്നു. രണ്ടും പെൺകുട്ടികൾ ആയിരുന്നു. ആശുപത്രിയിൽ വന്നെത്തുന്നതിനു മുമ്പു കാറിൽവെച്ചു തന്നെ മിസ്സ്

ആനി പ്രസവിക്കുകയും ചെയ്തു എന്നാണു് റിപ്പോർട്ടു ചെയ്തിരിക്കുന്നതു്.

### ചലച്ചിത്രപ്രദർശന നിരോധനം

ഇൻഡ്യാഗവണ്മെൻറിൻെറ ഒരറിയിപ്പുപ്രകാരം കാമിനികാരണം, ബോബ് ആൻഡ് സോള, സിൻസ് ഓഫ് ഫാദേഴ്സ് എന്നീ മൂന്നു ചലച്ചിത്രങ്ങളുടെ പ്രദർശനം നിരോധിച്ചിരിക്കുന്നു. ലൈംഗികവിദ്യാഭ്യാസത്തിനുതകുന്നതായ ഈ മൂന്നു ചിത്രങ്ങൾ നിരോധിച്ചതു വളരെ നിർഭാഗ്യകരമായിപ്പോയി എന്നാണെനിക്കു തോന്നുന്നതു്. സെക്സ് വിദ്യാഭ്യാസത്തിൻെറ ആവശ്യകത അതിൻെറ ശരിയായരൂപത്തിൽ മനസ്സിലാക്കിയിരുന്നെങ്കിൽ ഈ ചിത്രങ്ങളുടെ പ്രദർശനം നിരോധിക്കേണ്ടതായി വരികയില്ലെന്നാണു് ചിലരുടെ അഭിപ്രായം

* *

നോർത്ത് കാരോലിനാ എന്ന സ്ഥലത്തെ ലോ അനുസരിച്ചു് നോക്കിയാൽ ശരീരംതമ്മിൽ തൊടാതെതന്നെ ഒരു പുരുഷനു ഒരു സ്ത്രീയെ ബലാൽസംഗം ചെയ്യാമെന്നാണു്. അത്തരം ബലാൽസംഗത്തിനുള്ള ശിക്ഷ സാധാരണ ജയിൽവാസമാണു്. ഒരു തരുണിയെ ഒരു പുരുഷൻ ദുഷ്ടവിചാരത്തോടുകൂടി നോക്കിയെന്നു പരാതിപ്പെട്ടാൽ മാത്രം മതി ആ പുരുഷനു ജയിൽശിക്ഷ കിട്ടുവാൻ. നോക്കണേ; എന്തൊരു രാജ്യമാണതെന്നു്!

ഇത്തരം ഒരു ലോ ഇന്നാട്ടിൽ ഉണ്ടായിരുന്നെങ്കിൽ എത്രയോ നന്നായിരുന്നേനേം.

*　　　　*

അമേരിക്കയിൽ ചിക്കാഗോയിലുള്ള മേഴ്സി ഹോസ്പററലിൽ വച്ചു് മിസ്സസ് തോമ്മിസ് എട്ടാമത്തെ ശിശുവിനെ പ്രസവിച്ചിരിക്കുന്നു എട്ടുപ്രാവശ്യവും വയറു കീറിയാണു് ശിശുവിനെ എടുത്തതെന്നുള്ളതാണു് ഇതിലെ അത്ഭുതം.

*　　　　*

പ്രൊഫസർ ആർ. എസ്. ഇല്ലിംഗ്വേത്ത് എന്ന മഹാന്റെ അഭിപ്രായം അനുസരിച്ചു നോക്കിയാൽ ഗർഭത്തിൽ കിടക്കുമ്പോഴും തന്നെ ശിശുക്കൾ തള്ളവിരൽ വായിൽ കടത്തി നക്കുമെന്നാണു് മനസ്സിലാക്കുവാൻ സാധിക്കുന്നതു്.

*　　　　*

ന്യൂയോക്കിൽ സൈറാക്രൂസ് എന്ന സ്ഥലത്തുവച്ചു ആർതർവില്ലീസ് എന്ന ഡെപ്യൂട്ടി ഷെറീഫ് ഒരു കാറു തടഞ്ഞുനിൎത്തിയപ്പോൾ കണ്ടതു് നാലു സ്ത്രീകൾ അരയ്ക്കു മുകൾവരം നഗ്നമായി കാറിലിരിക്കുന്നതാണു്. "പുരുഷന്മാർ മാത്രമല്ല, ഞങ്ങൾക്കും, അരയ്ക്കു മുകൾഭാഗം നഗ്നമായി കാറോടിക്കുന്നതിൽ എന്താണു കുററം" എന്നുള്ള ചോദ്യം കൂടി കേട്ടപ്പോഴേയ്ക്കും ഷെറീഫ് അന്തംവിട്ടുപോയി. ചുരുക്കിപ്പറഞ്ഞാൽ ഓവർസ്പീഡിനു

പോലും ആവരെ ചാർജ്ജ് ചെയ്യുന്നതിനുള്ള കഴിവു പോലും ഷെറീഫിനില്ലാതെ പോയി എന്നുള്ളതാണു് ഏററവും ആശ്ചര്യം

* *

അടുത്തകാലത്തു് എത്തിയോപ്പ്യയിൽ പോയ ഒരു കാഴ്ചക്കാരൻ പറയുന്നതു് ലോകത്തിലേയ്ക്കും വലിയ ചുംബനവിദഗ്ദ്ധന്മാർ എത്തിയോപ്പ്യക്കാർ ആണെന്നാണു്. ആണായാലും പെണ്ണായാലും തെരുവീഥികളിൽ വച്ചുപോലും തമ്മിൽ കണ്ടുമുട്ടുമ്പോൾ മൂന്നുപ്രാവശ്യം വീതം വലത്തെയും ഇടത്തെയും കവിൾത്തടങ്ങളിൽ ചുംബിക്കുന്നതാണു്. ഈ കൂട്ടത്തിൽ അധരങ്ങൾ ചേർത്തുള്ള ചുംബനവും ഒട്ടും കുറവല്ല. ദേവാലയങ്ങളുടെ ഭിത്തികളിൽ ചുംബനം കൊടുക്കുന്ന പതിവും വളരെ പോപ്പുലർ ആണു് വിദേശികളുടെ അഭിപ്രായപ്രകാരം ഈ ചുംബനം മൂലമാണു് ഇത്ര അധികം ഗുഹ്യരോഗസുഖക്കേടുകാർ എത്തിയോപ്പ്യയിലുണ്ടായതെന്നാണു്.

* *

ഇററലിയിൽ നേപ്പിൾസ് എന്ന സ്ഥലത്തുള്ള അസ്കാലേസി ആശുപത്രിയിൽ നടത്തിയ ഒരു ഓപ്പറേഷൻമൂലം പതിമൂന്നു വയസ്സുള്ള അഡ്റിയാനസിന്റെ വെസ്ട്രി എന്ന പെൺകുട്ടി ഒരു ആൺകുട്ടിയായിമാറിയിരിക്കുന്നു. പതിമൂന്നു വയസ്സായിട്ടും പെണ്ണിനു വേണ്ട വളർച്ച ഉണ്ടാകാഞ്ഞതിനാൽ ആശുപത്രിയെ അഭയം പ്രാപിച്ച മാതാപിതാക്കൾക്കു ആശുപത്രിയിൽനിന്നു

തിരിച്ചു പോന്നപ്പോൾ ലഭിച്ചതു് കോമളനായ ഒരു ആൺകുട്ടിയെ ആണു്.

* *

ഇരുപത്തിനാലു വയസ്സു പ്രായമുള്ള ആളും രണ്ടു കുട്ടികളുടെ പിതാവുമായ റോബർട്ട് റോസ്വെൽ നെ ഏഴു വയസ്സു പ്രായമുള്ള ഒരു പെൺകുട്ടിയെ ബലാൽ സംഗം ചെയ്യുവാൻ ശ്രമിച്ചു എന്ന കുറ്റത്തിനു് അറസ്റ്റു ചെയ്തിരിക്കുന്നു മററു് ഇരുന്നൂറു പെൺകുട്ടികളെ അയാൾ ഇതുപോലെ ബലാൽസംഗം ചെയ്യാൻ മുതിർന്നതായിട്ടാണു് അയാളുടെ പേരിലുള്ള മററു് ആരോപണങ്ങൾ എന്നുകൂടി മനസ്സിലാക്കിയിരിക്കുന്നതു് ഈ അവസരത്തിൽ നല്ലതാണു്. എന്ത ? ഉഴുമ്പാടയ്ച്ചാൽ ഇയാൾക്കു വേഗം സുഖക്കേടു ഭേദമാകുമെന്നു പ്രതീക്ഷിക്കാം.

* *

സെൻറ് ലൂയിസിൻ ഒരു വലിയ ഹോട്ടലിൽവച്ചു് വിവാഹസദ്യയിൽ പങ്കെടുത്ത ഒരു അവിവാഹിതനോടു "പണക്കാരനായ താനെന്താണു ഇതുവരെ കല്യാണം കഴിക്കാഞ്ഞതെന്നു" ഒരാൾ ചോദിക്കയുണ്ടായി. "ഞാൻ കണ്ടുമുട്ടിയ ഓരോ തരുണിയോടും എന്നെ വിവാഹം കഴിക്കാൻ ഞാനാവശ്യപ്പെട്ടിട്ടുണ്ടു്. പക്ഷേ അവരാരും അതിനു സമ്മതം മൂളിയിട്ടില്ല. എനിക്കു കുറഞ്ഞതു പന്ത്രണ്ടു കുട്ടികളെങ്കിലും വേണമെന്നുള്ള അഭിപ്രായം പറയുമ്പോഴേയ്ക്കും മിക്ക തരുണികളും പിന്നെ ഒട്ടു

സമ്മതിക്കയില്ല" എന്നാണ് വിരുതനായ ഈ അവിവാഹിതൻ മറുപടിപറഞ്ഞത്. എന്തോ സമർത്ഥനായ ഈ അവിവാഹിതൻ കണ്ടുപിടിച്ച "പ്രസവവേദനഡം? ഒട്ടും മോശക്കാരനല്ല എന്ന് തലകുലുക്കിത്തന്നെ സമ്മതിച്ചേ മതിയാവൂ

x x

സാക്ഷിയായി കോടതിയിൽ വിസ്തരിച്ചുകൊണ്ടിരുന്ന ഗർഭിണിയായ മിസ്സസ് ഫിലിപ്പ്സ് താൻ ഏതു നിമിഷത്തിലും പ്രസവിച്ചേക്കും എന്നു മജിസ്ട്രേട്ടിനോടു പറയുകയുണ്ടായി. ഇതു കേട്ടമാത്രയിൽതന്നെ കേസ്സുവിസ്താരം വേറൊരു ദിവസത്തേയ്ക്കു മാററിവച്ചതായി കോടതി ഉത്തരവിടുകയും ചെയ്തു. ഇതും അമേരിക്കയിൽ നടന്ന സംഭവമാണ്. ഏതു കാര്യത്തിലും അമേരിക്കക്കാർ മോശക്കാരല്ല എന്നു തന്നെവേണം പറയാൻ.

x x

1750000 ആളുകളിൽ രണ്ടുപേക്കുമാത്രമെ മിക്കവാറും സാദൃശ്യമുള്ള വിരൽചിഹ്നങ്ങൾ (ഫിർഗർപ്രിൻറ്) കാണുകയുള്ളു. റെറക്സാസിലുള്ള 21 വയസ്സുള്ള ഡേവിഡ്, വാൾട്ടർ എന്നീ രണ്ടിരട്ടസഹോദരങ്ങൾക്കു യാതൊരു വ്യത്യാസവും ആകൃതിയിലൊ പ്രകൃതിയിലൊ ഇല്ലെന്നാണ് ഫെഡറൽ ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷൻകാരുടെ റിപ്പോർട്ടിൽനിന്നു മനസ്സിലാക്കാൻ സാധിക്കുന്നത്.

x x

പരിശുദ്ധ പോപ്പ് പീറ്റസ് പന്ത്രണ്ടാമനിൽനിന്നും കല്പനയും സമ്മതവും വാങ്ങിയിട്ടും ഷിക്കാഗോയിലുള്ള ഒരുവൻ അയാളുടെ പ്രേമഭാജനമായ ഫാസ്റ്റ്കസിനെ കല്യാണം കഴിക്കാൻ ഷിക്കാഗോയിലെ അഡ്മിനിസ്ട്രേറ്റർ ജനറലായ ഫെദർ എ. ജൂലിയോട് സമ്മതിക്കുകയുണ്ടായില്ല. ഷിക്കാഗോയിൽ ഫസ്റ്റ്കസിൻ മാരിയേജ് നിയമവിരുദ്ധവുമാണ്.

x x

അമ്മേരിക്കയിലെ-ലോകത്തിലെ ഏററവും ആധുനിക-സെക്സോളജിസ്ററും ശാസ്ത്രജ്ഞനും ആയ ഡോക്ടർ ആൽബർട്ട് സി. കിൻസെ മരിച്ചുപോയതായി അറിവു ലഭിച്ചിരിക്കുന്നു ഇരുപതാംനൂററാണ്ടിലെ ഈ മഹാനായ സെക്സോളജിസ്റ്റിൻെറ പുസ്തകങ്ങൾ അമേരിക്കൻ ജനങ്ങളുടെ കണ്ണു തുറപ്പിച്ചു എന്നുള്ള വസ്തുത വിസ്മരിക്കാൻ നിവൃത്തിയില്ല അമേരിക്കക്കാരുടെ കാമീയജീവിതത്തെ ഇത്ര നഗ്നമായി ശാസ്ത്രരീത്യാ വിശകലനംചെയ്ത വേറൊരു മഹാനും ഇതുവരെ ജീവിച്ചിരുന്നിട്ടില്ല ഇരുപതാം നൂററാണ്ടിൽ ലൈംഗികശാസ്ത്രലോകത്തിനു ഈ മഹാൻെറ നിര്യാണംമൂലം ഒരു മഹാനഷ്ടമാണ് സംഭവിച്ചിരിക്കുന്നത് എന്നു വ്യസനസമേതം രേഖപ്പെടുത്തിക്കൊള്ളട്ടെ.

x x

150 വർഷങ്ങൾക്കുമുമ്പ് ഗോയാ എന്ന സുപ്രസിദ്ധ ചിത്രകാരൻ വരച്ച ലോകപ്രസിദ്ധമായ ലാമാജാ എ

ന്ന നഗ്നചിത്രം അപ്പടി അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയ 1913-ലെ സ്പെയിനിലെ ഒരു പോസ്റ്റേജ് സ്റ്റാമ്പ് പ്രത്യേകം പ്രദർശിപ്പിച്ച കുററത്തിന് ബെൽജിയത്തിലെ ഒരു സ്റ്റാമ്പുകച്ചവടക്കാരനെ ഗവമ്മെൻറ് അറസ്റ്റ് ചെയ്യുകയും, ടി സ്റ്റാമ്പു കണ്ടുകെട്ടുകയും ചെയ്തിരിക്കുന്നു ഈ തോതിലാണ് ഓരോ രാജ്യത്തും കലയെ [illegible] ബഹുമാനിക്കുന്നത്.

X X

ന്യൂയോർക്ക് സിററിയിൽ നടന്ന 2956 ബലാൽസംഗക്കേസുകളെ വിശകലനം ചെയ്തതിൽനിന്നും മനസ്സിലാക്കാൻ സാധിച്ച ചില സംഗതികൾ പ്രത്യേകം പ്രസ്താവയോഗ്യമാണ്. 1769 ബലാൽസംഗക്കേസുകളിലും യാതൊരു ശാരീരികമായ മുറിവോ കേടോ റിപ്പോർട്ടു ചെയ്തിട്ടില്ല. 311 കേസ്സുകളിൽ ശാരീരിക മുറിവുണ്ടായിട്ടുണ്ട്. 164 കേസ്സിൽ ഗുഹ്യരോഗം പകർന്നിട്ടുണ്ട്. 641 പേർ ഗർഭിണികളായി. 15 പേർക്കു മുറിവുകളും ഗുഹ്യരോഗവും ഉണ്ടായി 21 പേർക്ക് മുറിവുകളും ഗർഭധാരണവും ഉണ്ടായി 6 പേർ ഗർഭിണികളും മുറിവും ഗുഹ്യരോഗവും ഉണ്ടായവരായിത്തീർന്നു. 9 പേർക്ക് ഗർഭവും ഗുഹ്യരോഗവും ഉണ്ടായി. ഇതിൽനിന്നും അമേരിക്കൻ ജീവിതഗതി ഏറക്കുറെ മനസ്സിലാക്കാൻ സാധിക്കുമല്ലോ.

X X

ജെർസി സിററിയിലുള്ള 725 പോലീസുകാർക്ക് മിഡ്‌വൈഫറി ട്രെയിനിംഗുകൂടി നൽകുന്നതിന്ന് [illegible]

വായിരിക്കുന്നു. ഈ ത്തരം വിദ്യാഭ്യാസം കേരളത്തിലെ പോലീസുകാർക്ക് കൂടി കൊടുക്കുന്നതു വളരെ നന്നായിരിക്കും.

X X

ഡോക്ടർ റോബർട്ടസൺസ് ഹോസ്പിററലിൽവച്ചു് ദേശബന്ധു, ദിനപ്പത്രത്തിൻെറ പത്രാധിപരായ സുപ്രസിദ്ധ ശ്രീ. ആർ. കെ. കത്താ നടത്തിയ ഒരു പ്രസംഗത്തിൽ ഇപ്രകാരം പ്രസ്താവിക്കയുണ്ടായി ഒരൊററ ദിവസമെങ്കിലും കേരളത്തിലെ ഡാക്ടറന്മാരുടെ സഹകരണം നടത്തുന്നതിനു എനിക്കു സാധിച്ചാൽ നിശ്ചയമായും കേരളത്തിലെ എല്ലാ പുരുഷന്മാരെയും വാസിക്ടമി എന്ന ശസ്ത്രക്രിയയ്ക്കു വിധേയരാക്കി സന്താനവർദ്ധനവിനെ തടഞ്ഞുകളയുന്നതാണ്" ഇങ്ങനെയൊരു അഭിപ്രായം കേരളത്തിലെ ഏതാനും വില ബഹുമാന്യ വ്യക്തികൾക്കെങ്കിലും ഉണ്ടെന്നറിയുന്നതിനു സാധിച്ചതിൽ അഭിമാനം കൊള്ളുകതന്നെ വേണം. ആവശ്യമില്ലാതെയും ആവശ്യമില്ലാത്തതുമായ സന്താനങ്ങളെ ജനിപ്പിക്കുന്ന ഓരോ മാതാവും പിതാവും ശ്രീ കത്തായുടെ അഭിപ്രായത്തിലുള്ള ആന്തരികാർത്ഥത്തെ മനസ്സിലാക്കി, ഫാമിലി പ്ലാനിംഗിനു ശ്രമിക്കുന്നതായാൽ നമ്മുടെ കേരളമാതാവുപോലും അഭിമാനം കൊള്ളും.

X X

ഒരു മുസ്ലീമിനു തൻെറ ഭാര്യയുടെ കൊച്ചുമകളെ കല്യാണം കഴിക്കാൻ പാടില്ലാ എന്നുള്ള ഒരു കോടതിയുടെ തീരുമാനം [illegible] എന്ന ഈജിപ്റ്റ്

കാരനെനിരാശപ്പെടുത്തിയിരിക്കുന്ന അനേകവർഷങ്ങൾ ക്ക മുമ്പ് ഗാലിലാ എന്ന വിധവയെ അബ്ദുള്ളാ വിവാഹം കഴിക്കുയുണ്ടായി. ഗാലിലായുടെ ആദ്യവിവാഹത്തിലുണ്ടായ ഒരു മകൾക്ക നാഗിബാ എന്നൊരു മകളുണ്ടായിരുന്നു നാഗിബാ ഏററവും സുന്ദരിയായ ഒരു യുവതിയായിത്തീന്നപ്പോൾ കാമഭ്രാന്തുമൂത്ത് അവളെയും വിവാഹം കഴിക്കാനൊരുങ്ങി. ലോ അനുസരിച്ച് ഒരു മുസ്ളീമിനു 4ഭായ്യമാരെ സ്വീകരിക്കാം അതനുസരിച്ച് നാഗിബായോടു സമ്മതം ചോദിക്കയും അവൾ അതിനു സമ്മതിക്കയും ചെയ്തു പക്ഷേ കിഴവിയായ നാഗിബായുടെ വല്യമ്മ ഗാലിലയ്ക്കു അതു് അത്ര പിടിച്ചില്ല. തന്മൂലം ഉണ്ടായ കേസ്സിൽ, ഭായ്യയുടെ മകളുടെ മകളെവിവാഹം കഴിക്കാൻ ഒരു മുസ്ളീമിനു അവകാശമില്ല. എന്നു കോടതി തീരുമാനിക്കയും ചെയ്തു. ഏതായാലും കിഴവൻ വിഢിയായി എന്നു പറഞ്ഞാൽ തീന്നല്ലോ കഥ.

X X

ഓഹിയോയിൽ സ്വമിനിസ്കി എന്ന 26 വയസ്സുള്ള ഒരുപുരുഷനെ രണ്ടു സ്ത്രീകൾ ബലാൽസംഗം ചെയ്തതായി യുണൈറഡ് പ്രസ് ന്യൂസ് ലഭിച്ചിരിക്കുന്നു.നടന്നു യാത്ര ചെയ്തിരുന്ന സ്വമിനസ്കിയെ കാർ നിറുത്തി രണ്ടു സ്ത്രീകൾ ഒരു കാറിൽ ക്ഷണിച്ചു കയററുകയും കുറച്ചുനേരം കാറിൽ യാത്ര ചെയ്തപ്പോൾ കാറിൽ ഇരുന്ന ഒരു സ്ത്രീ ഒരു തോക്ക കാണിച്ച സ്വമിനിസ്കിയെ ഭയപ്പെടുത്തി, സ്വമിനിസ്കിയെ കാറിൽ കിടത്തി സംയോ

ഗം ചെയ്യുകയും അതിനുശേഷം കൂട്ടുകാരി സ്ത്രീയെക്കൊണ്ടും സംയോഗം നടത്തിക്കയും ചെയ്തതായിട്ടാണു് സുമിനിസ്കി പോലീസിൽ പരാതിപ്പെട്ടിരിക്കുന്നതു്. സ്ത്രീകൾ പുരുഷനെ ബലാൽസംഗം ചെയ്തതായ ഈ ത്തരം കേസുകൾ വളരെ അപൂർവ്വമാണു്. ഇങ്ങനെയൊരു സംഭവം ഉണ്ടായാൽ പോലീസിൽ പരാതിപ്പെടുന്നതിനു പകരം നമ്മുടെ ചെറുപ്പക്കാരായിരുന്നു എങ്കിൽ തങ്ങൾക്കുണ്ടായ ഭാഗ്യത്തിൽ സന്തോഷിക്കുമായിരുന്നു

X X

1951-ൽ ആസ്ട്രേലിയായിൽ 70 ശതമാനം സ്ത്രീകൾ വിവാഹിതകളായതിനുശേഷവും 28 ശതമാനം സ്ത്രീകൾ വിവാഹിതയാകാതെയും മാതാക്കളായി എന്നാണു് സ്റ്റാററിക്സ് കാണിക്കുന്നതു്. നമ്മുടെ കേരളാസ്റ്റേററിൽ എത്ര ശതമാനം അവിവാഹിതരായ അമ്മമാർ ഉണ്ടായിരിക്കും എന്നു് ഒരു കണക്കെടുക്കുന്നതു നന്നായിരിക്കും.

X

ഓഹിയോവിൽ ഫാൻങ്കിളിൻ എന്ന സ്ഥലത്തു് ഒരു കോടതിയിൽവച്ചു് 34 വയസ്സുള്ള വെർനോൺ ബ്രാഡ്ഷോ എന്ന പുരുഷൻ വയലററ് മാരിബ്രാഡ്ഷോ എന്ന സ്ത്രീയാണെന്നു് അത്ഭുതകരമാംവണ്ണം തെളിയപ്പെട്ടു. 1) വയലററ് വളരെക്കാലം പുരുഷവേഷം ഉപയോഗിച്ചു പുരുഷനായി നടന്നു 2) വയലററ് രണ്ടു

കുഞ്ഞുങ്ങളുടെ മാതാവും വിധവയും ആയ വേറാപാർഡു എന്ന സ്ത്രീയെ വിവാഹം കഴിച്ചു (ഈ കോടതിയിൽവച്ചാണു് സ്വന്തം ഭാര്യ; ഭർത്താവു് ഒരു സ്ത്രീയാണെന്നറിയുന്നതാണെന്നുള്ളതാണത്ഭുതം) 3 വയലററിനു് അവരം ഒരു പുരുഷനാണെന്നു തന്നെയുള്ള ഒരു തോന്നലുണ്ടായതിനാലാണു് അതുവരെ പുരുഷവേഷത്തിൽ നടന്നതു്. ഏതായാലും വിധി പ്രസ്താവിച്ചതു് പുരുഷന്മാരെ അയയ്ക്കുന്ന കാരാഗൃഹത്തിലേയ്ക്കായിരുന്നു. പക്ഷേ സ്ത്രീയാണെന്നു തെളിഞ്ഞപ്പോരം വിധി തിരുത്തിയെഴുതി സ്ത്രീകരംക്കുള്ള ജയിലിലേയ്ക്കു വയലററിനെ അയയ്ക്കുന്നതിനു കോടതി ഉത്തരവിടുകയും ചെയ്തു. അങ്ങിനെ അനേകവർഷം പുരുഷവേഷംകെട്ടി നടന്ന ഒരു സ്ത്രീയുടെ കാമീയജീവിതവും അവസാനിച്ചു.

X X

വേശ്യാസ്ത്രീകളുടെ എണ്ണം വളരെ അധികമായിതീർന്നിരിക്കയാണു്. കൽക്കട്ടാ സിററിയിൽമാത്രം ഏററം കറഞ്ഞ കണക്കനുസരിച്ചു് 44000 വേശ്യസ്ത്രീകരം ഉണ്ടത്രെ. കേരളത്തിലെ പ്രധാന പട്ടണങ്ങളിലെ വേശ്യാസ്ത്രീകളുടെ എണ്ണം എത്രമാത്രമാണെന്നു് ഒന്നു കണക്കാക്കുന്നതു നന്നായിരിക്കും. മുനിസിപ്പാലിററി ഇതിനൊന്നു ശ്രമിക്കുന്നതു് ചാരിതാൎത്ഥ്യജനകമായിരിക്കും.

X X

ജപ്പാനിൽ ഗർഭഛിദ്രം നടത്തുകയെന്നതു കററകരമല്ല. ജനനലിരക്കിൻെറ വർദ്ധനവിനെ തടയുവാൻ

ഗവണ്മെന്റുതന്നെ സ്വീകരിച്ചിരിക്കുന്ന മാർഗ്ഗം ഗർഭം അലസിപ്പിക്കലാണ്. ഡോക്ടർ W. T. പോമറൻങ്കി ഗവണ്മെന്റിന് സമർപ്പിച്ച റിപ്പോർട്ടനുസരിച്ച് 1925-ൽ 805, 524 ഗർഭഛിദ്രം ഗവണ്മെൻറാശുപത്രികളിൽമാത്രം നടത്തിയിട്ടുണ്ടെന്നാണ്. 1954-ൽപത്തുലക്ഷത്തിലധികം നടത്തിയിട്ടുണ്ടത്രെ. ഈ റിപ്പോർട്ടിൽ പ്രൈവററായി നടത്തിയിട്ടുള്ള ഗർഭഛിദ്രം എത്രകാണുമെന്നു കണക്കാക്കപ്പെട്ടിട്ടില്ല ഏകദേശം 8000 ഡോക്ടറന്മാർക്കു ഗർഭം അലസിപ്പിക്കൽ നടത്താനുള്ള ലൈസൻസ് ഗവണ്മെൻറുതന്നെ നൽകിയിട്ടുണ്ട്. ഇന്നത്തെ ഒരു അബോർഷൻ നടത്തിക്കിട്ടുന്നതിനായി ഒരു സ്ത്രീ ചിലവിടേണ്ട സംഖ്യ കേവലം 13ക 8ണ. മാത്രമാണവിടെ. ഏതായാലും ഫാമിലിപ്ലാനിംഗിനായി ജപ്പാൻകാർ സ്വീകരിച്ചിരിക്കുന്ന ഈ മാർഗ്ഗം ജനനനിരക്കിനെ സാമാന്യമായി തടയുവാൻ സഹായകരമായിത്തീർന്നിട്ടുണ്ടെന്നാണ് ഡോക്ടർ പോമറൻങ്കിയുടെ റിപ്പോർട്ടിൽ സമത്ഥിച്ചിരിക്കുന്നത്.

X X

കാലിഫോർണിയായിൽ നാപാ എന്ന സ്ഥലത്ത് ഒരു വിത്തുമൂരിയുടെപേരിൽ ചാർജ്ജ് ചെയ്ത ബലാൽസാംഗക്കേസ് രസാവഹംതന്നെയാണ്. പ്രിൻസ് ഡോമിനാ എന്ന വിത്തുമൂരി തന്റെ നിലത്തിൽ പ്രവേശിച്ചു തന്റെ വക 36 പശുക്കളെ ബലാൽസംഗം ചെയ്തതിനും അവയിൽ ചിലതിനെ കുത്തി മുറിവേല്പിച്ചതിനും ചിലതിനെ ഗർഭിണികളാക്കിയതിനും ടി വിത്തുമൂരിയു

യുടെ ഉടമസ്ഥൻ 6610 ഡോളർ നഷ്ടപരിഹാരം കൊടുക്കണമെന്നു കാണിച്ചു് പശുക്കളുടെ ഉടമസ്ഥൻ കേസ് കൊടുത്തു പക്ഷേ, ഇനി പശുക്കളാണോ, അതൊ വിത്തുകാരിയാണോ യഥാർത്ഥത്തിൽ ലൈംഗികപരമായ സംയോഗത്തിനു മുൻകൈ എടുത്തതു് എന്നു തീർച്ചപ്പെടുത്തുവാൻനിവൃത്തിയില്ലാത്തതിനാൽ പ്രിൻസ് ഡോമിനായെ വിദഗ്ദ്ധനായ ജഡ്ജി മെർവിൻ ലേൺഹാർട്ട് വിട്ടയയ്ക്കുയുണ്ടായി. ഇതേനെയൊരു കേസ് കേരളത്തിലുണ്ടായാൽ അതു് ഫാമിലിപ്ലാനിംഗ് സംഗതികഠം അച്ചടിക്കുന്നില്ല വാപമാണെന്നു കരുതുന്ന പത്രക്കാർക്കു രത്തങ്ങാ തലക്കെട്ടുള്ള പത്രവാർത്തയാകുമെന്നു തീർച്ചയായും പറയാം.

X X

കോളറാഡോയിൽ 18 വയസ്സിനു മുമ്പ് സ്ത്രീക്കും പുരുഷനും "ട്രയൽ മാരിയേജ്" നടത്താവുന്നതാണ്. ആ വിവാഹത്തിൽനിന്നും സന്താനങ്ങഠം ഉണ്ടായാലും 19 വയസ്സിനകം വിവാഹമോചനം നേടുന്നതിനു ഗവണ്മെൻറു് സമ്മതിക്കുന്നതാണ്. അപ്രകാരം ഒരു ട്രയൽ മാരിയേജ് നടന്നിട്ടില്ല എന്നു വിധി പ്രസ്താവിക്കുന്നതിനു നീതിന്യായവകുപ്പിൽ പ്രത്യേകം ക്ലോസുണ്ട്. എന്താ ഇത്തരം ട്രയൽമാരിയേജ് ഇൻഡ്യയിൽക്കൂടി നടപ്പാക്കുമായാലുള്ള സ്ഥിതി?

X X

വിസ്കോൺസിൽ എന്ന സ്ഥലത്തു് തൻെറ ഭാര്യ സംയോഗത്തിനു സമ്മതിക്കാത്തതിനാൽ വിവാഹ

മോചനം അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടു് ഒരു ഭർത്താവു് കേസ്സ് കൊടുക്കുകയുണ്ടായി. കേസ് കേട്ടതിനുശേഷം ജഡ്ജി വിവാഹമോചനം അനുവദിക്കയും ചെയ്തു. ഇന്നാട്ടിൽ ഇങ്ങനെയൊരു കഥ നിങ്ങളാരെങ്കിലു കേട്ടിട്ടുണ്ടോ?

X X

സുപ്രസിദ്ധയായ ഗ്രന്ഥകർത്രിയായ മാർഗാനിററാ ലാസ്കിയുടെ അഭിപ്രായത്തിൽ ഇംഗ്ളണ്ടിലെ 60% ഭാര്യമാരും വിവാഹത്തിനുമുമ്പു് സംയോഗബന്ധത്തിൽ ഏർപ്പെട്ടവർ ആണെന്നാണു്. അങ്ങിനെ ജീവിച്ച സ്ത്രീപുരുഷന്മാർ വിവാഹം കഴിക്കുന്നതായാൽ അതു് ശരിയായ ഒരു സംഗതിയായിരിക്കും എന്നാണു് ഈ സുപ്രസിദ്ധ വനിത അഭിപ്രായപ്പെട്ടിരിക്കുന്നതു്.

X X

1954 മാർച്ചുമാസത്തിൽ ഇംഗ്ലണ്ടിലെ ഒരു പ്രഭുവായ ലോർഡ് മൊണ്ടാഗ്‌വിനെ സ്വവർഗ്ഗഭോഗം ചെയ്ത കുററത്തിനു വിചാരണ നടത്തി ഒരു വർഷത്തെ തടവുശിക്ഷ നൽകുകയുണ്ടായി പ്രഭുക്കന്മാരുടെ സ്ഥിതിയിലും ഈ പ്രകൃതിവിരുദ്ധ രീതിയെ സംബന്ധിച്ചിടത്തോളം വളരെ സാമ്യമുണ്ടെന്നു സമ്മതിക്കാതിരിക്കാൻ നിവൃത്തിയില്ല,

X X

തുടർച്ചയായി 13 പെൺകുട്ടികളെ പ്രസവിച്ചു് പ്രസിദ്ധി നേടിയ ഒരു സ്ത്രീയാണു് കപാട്ടർ വിലിയിൽ

ജീവിക്കുന്ന മിസ്സസ് ലോയിഡ് ബ്രൂക്സ് 37 വയസ്സു
ള്ള ഈ സ്ത്രീയുടെ മൂത്തമകൾക്ക് 15 വയസ്സും ഇളയ
മകൾക്ക് ഒന്നര വയസ്സും ആണ് പ്രായം. എന്താ! പെ
ണ്ണിനെയാണു പൊറുത്തതെങ്കിലും മിസ്സസ് ബ്രൂക്സ്
സൗഭാഗ്യവതിയായിതന്നെ കഴിയുന്നു.

X

1914-ൽ കുട്ടികളായിരുന്നപ്പോൾ അവരുടെ മാ
താപിതാക്കന്മാർ മരിച്ചുപോയതിനാൽ ഒരു പെൺകു
ട്ടിയെ ഒരു വീട്ടിൽ ദത്തെടുക്കുകയുണ്ടായി. അവളുടെ
ആങ്ങളയെ വേറൊരു സ്ഥലത്തും. എന്തിനധികം പറ
യുന്നു; ജോഫെറിച്ചുസ് തന്റെ പെങ്ങളായ ഗർജാറ
സ്റ്റാൽഗാമിനെ 1948-ൽ കണ്ടുമുട്ടുകയും തങ്ങൾ രക്ത
ബന്ധം അറിയാതെ പ്രേമവലയിൽപ്പെടുകയും 1951-ൽ
വിവാഹബന്ധത്താൽ ഭാര്യാഭർത്താക്കന്മാരാകുകയും ചെയ്തു
രണ്ടു കുട്ടികൾ ഉണ്ടായിക്കഴിഞ്ഞപ്പോഴേയ്ക്കും യാദൃച്ഛി
കമായി അവരുടെ ബന്ധത്തെപ്പറ്റി അവർക്കറിയാനിട
യായി. സഹോദരനും സഹോദരിയും തമ്മിലുള്ള വിവാ
ഹം കുറ്റകരമായതിനാൽ അവർ അങ്ങിനെ അവരു
ടെ വിവാഹബന്ധം വേർപെടുത്തേണ്ടി വന്നു. എത്ര
ശോചനീയമായ ഒരു സംഭവമാണിതെന്നു നിങ്ങൾ തന്നെ
ചിന്തിച്ചു നോക്കുക

X

ഒരു പുരുഷന് മൂന്ന് അണ്ഡങ്ങൾ ഉണ്ടായിരിക്കുക
എന്നതു വളരെ അപൂർവ്വമാണു്. ആകെ 23 പുരുഷന്മാ

ൾ ഇപ്രകാരം മൂന്ന് അണ്ഡങ്ങൾ ഉള്ളതായിട്ടാണ് ഇ
തുവരെ കണ്ടുപിടിച്ചിട്ടുള്ളതു്. ഈ മൂന്നണ്ഡങ്ങളിൽ
നിന്നും ബീജനിർമ്മാണം നടക്കുന്നുണ്ടെന്നാണു പരീക്ഷ
ണംമൂലം മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളതു്. രണ്ടെണ്ണ
മിങ്ങിനെ ഒരേ സൈസിലും മൂന്നാമത്തേതു് അൽപ്പം
ചെറുതുമാണ്. ഏതായാലും ഇതൊരു പ്രകൃതിയുടെ
വികൃതിതന്നെയാണെന്നുള്ളതിൽ യാതൊരു സംശയവു
മില്ല

X X

ഇംഗ്ലണ്ട്, ഡെൻമാർക്ക്, സ്വീഡൻ, ഫിൻലാൻ
ഡ് എന്നീ രാജ്യങ്ങളിൽ ഗർഭം അലസിപ്പിച്ചു കളയു
ന്നതു കുറ്റകരമല്ല. ഇപ്പോൾ സോവിയറ്റ് യൂണിയനി
ലും ഗർഭഛിദ്രം നടത്തുന്നതിനും ഓരോ വ്യക്തികൾക്കും
അവകാശം നൽകിക്കഴിഞ്ഞു. യുദ്ധാനന്തരം ഏർപ്പെട്ട
ത്തിയ അവിവാഹിതരുടെ മേലുള്ള കരമേർപ്പും പ്രായപൂ
ർത്തിയെത്തിയവരിൽ വളരെപ്പേരിൽ പക്ഷവും വിവാഹിതരാ
കുകയും, അങ്ങിനെ ജനസംഖ്യ വർദ്ധിക്കയും ചെയ്തു.
ഇപ്പോൾ ജനപ്പെരുപ്പത്തെ തടയാനായി സ്വീകരിച്ചി
രിക്കുന്ന ഈ മാർഗ്ഗം റഷ്യയിലെ സ്ത്രീകളുടെ ശ്രമംമൂ
ലം ഗവണ്മെൻറ് അനുവദിച്ചതാണെന്നാണ് റിപ്പോർട്ട്.

X X

"ലൈംഗികപരമായ രസമൂർച്ഛ ലഭ്യമാകുന്നതരം
ചുംബനവും, വെറും സ്നേഹത്തെയും പ്രേമത്തെയും ദ്യോ
തിപ്പിക്കുന്നതരത്തിലും ഉള്ള ചുംബനവും തമ്മിൽ വലിയ

വ്യത്യാസമുണ്ട്. സാധാരണ ചുംബനം ആനന്ദത്തെയും സൗഭാഗ്യത്തെയും ആയുസ്സിനെ തന്നെയും വർദ്ധിപ്പിക്കുന്നു. ചില പുരുഷന്മാർ സ്ത്രീകളെ സ്നേഹിക്കുന്നതു വെറും കമ്പാനിയൻ ഷിപ്പിനും ചിലർ കാമവികാരശമനത്തിൽ ആയിട്ടാണ്. അവനവന്റെ ഇഷ്ടത്തിനനുസരണമായുള്ള ചുംബനം അവനവന് ചാരിതാർത്ഥ്യത ഉളവാക്കുന്നു. ഏതാണു ശരി, ഏതാണു തെററ് എന്നു പറയുവാൻ ആർക്കും അവകാശമില്ല. സെക്സ് എന്നു പറയുന്നതു അത്രമാത്രം അഗാധമായ ഒരു സംഗതിയാണ്." എന്നാണ് എലൻ ജെ. സൺ അഭിപ്രായപ്പെട്ടിരിക്കുന്നത്.

"ലൈംഗികവികാരങ്ങളെ തടഞ്ഞു നിർത്തി സത്യസന്ധനായി ജീവിക്കുന്നത് ഏററവും ആപത്താണ്. മനുഷ്യൻ പ്രായമെത്തുംതോറും അറിവു വർദ്ധിക്കയും അവനിൽ അന്തർലീനമായിക്കിടക്കുന്ന സെക്ഷ്വൽ പോവർ 50 സിനു ശക്തി വർദ്ധിക്കയും തന്നെ ചെയ്യുന്നത് വയസ്സിനു മുകളിൽ പ്രായമെത്തിയവർക്കു ലൈംഗിക വികാരങ്ങൾ അധികമായി അനുഭവപ്പെട്ടുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല" എന്നാണു ഡോക്ടർ പ്ലാൻഡേഴ്സ് ഡൻബാർ എന്ന മനഃശാസ്ത്രപണ്ഡിതൻ അഭിപ്രായപ്പെട്ടിട്ടുള്ളത്.

അതീവ സൗന്ദര്യവതിയായ മേരിഡോഃവഴ്സ് തന്റെ കാമുകനെ കാണുവാനായി കരസൈന്യത്തിലെ ഒരു ഡോക്ടറുടെ വേഷം ധരിച്ച് സ്റ്റെതസ്കോപ്പുമാ

യി ഒരു ആർമി ക്യാമ്പിൽ പ്രവേശിക്കയും, ഏതാനും യുവാക്കന്മാരെ നഗ്നരാക്കി പരിശോധിക്കയും ചെയ്തു. പക്ഷേ സ്വകാമുകനെ കണ്ടുമുട്ടിയപ്പോഴേയ്ക്കും കള്ളി മുഴവൻ പുറത്തായിപ്പോയി. വേഷപ്രച്ഛന്നയായി ആർമി ക്യാമ്പിൽ പ്രവേശിച്ചതിന്നു മേരിയെ ഇന്നു തടങ്കലിൽ വച്ചിരിക്കയാണു്. സ്വകാമുകന്മാരെത്തേടി ഇതിനു വലിയ വീര്യപ്രവൃത്തികൾ നടത്തിയ ചില ധീരവനിതകളും ഇൻഡ്യയിൽ ഉണ്ടു് എന്നുള്ളതു ചരിത്രം തെളിയിക്കുന്നുണ്ടല്ലൊ.

x x

ഇരുപത്തിമൂന്നു വർഷത്തെ വിവാഹജീവിതത്തിനിടയിൽ 21 പ്രാവശ്യം പ്രസവിച്ച മിസ്സസ് ഡിമെലൊ 35-ാമത്തെ വയസ്സിൽ ഒരു വല്യമ്മ ആയതിൽ യാതൊരു അത്ഭുതത്തിനും അവകാശമില്ല.

x

റോമിൽ ഏററവും കൂടുതൽ സന്താനങ്ങൾ ഉള്ളതു് മിസ്സസ് ഫോൺസികൊ എന്ന സ്ത്രീയ്ക്കാണു്. 27 സന്താനങ്ങളുടെ മാതാവാണു് ഈ സൗഭാഗ്യവതി.

x

ഒരു തെററായ കോഡ് വാക്കുണ്ടാക്കിയ രസകരമായ കഥ നോക്കുക 20 വയസ്സുള്ള ഫോറസ്റ്റ് ഡി. ഡ്റാപ്പറെ നേവിയിൽനിന്നും പിരിച്ചയച്ചപ്പോൾ, പിരിച്ചയയ്ക്കാനുണ്ടായ കാരണം കോഡ് വാക്കിൽ എഴുതിയതു് No. C 10306 (F) എന്നായിരുന്നു. ഇതിന്റെ അർത്ഥം;

പിരിച്ചുവയ്ക്കുന്നതു് "ഗർഭം ഉണ്ടെന്നുള്ള കാരണം" ആണെന്നാണു് ഈ ഡിസ്ചാർജ്ജ് സർട്ടിഫിക്കററ മായി എയർ ഫോഴ്സിൽ ചേരാൻ ചെന്ന ഡ്റാപ്പക്കു തനിക്കു ഗർഭമില്ലെന്നു് ഒരു സത്യവാചകം എഴുതിക്കൊടുക്കേണ്ടതായി വന്നു നോക്കുക ഒരു കോഡ് വാക്കുമൂലം ഉണ്ടായ ഭവിഷ്യത്തുകൾ.

111 വയസ്സു് പ്രായമുള്ള മിസ് ഇറിനി സോളാക്കിഡൊ എന്ന സ്ത്രീ 99 വർഷക്കാലം പുരുഷവേഷം കെട്ടി പുരുഷനെപ്പോലെ ജീവിച്ച ഒരു ധീരവനിതയാണു്. 80 കൊല്ലങ്ങൾക്കു മുമ്പു് ഈ സ്ത്രീ പട്ടാളക്കാരനായി ജോലി ചെയ്തിരുന്നു. ഇപ്രകാരം പുരുഷവേഷം കെട്ടി ജീവിക്കുവാനുള്ള കാരണം ചോദിച്ചതിൽ "പുരുഷൻ സ്ത്രീയേക്കാൾ സൗന്ദര്യമുള്ളവനായതിനാലാണു്" എന്നാണു മറുപടി.

X X

വിവാഹം കഴിച്ചു റിക്കാർഡ് സൃഷ്ടിച്ച ഒരുമഹാനാണു് റോമിമാൻവലി. രണ്ടു ഭാര്യമാർ മാത്രമെ റോമിയോടൊത്തു 5 വർഷത്തിൽ അധികം ജീവിച്ചിട്ടുള്ളൂ. എന്നാൽ ഏഴാമത്തെ ഭാര്യയായ സണി എയിനിവത്ത്വോ 7 മണിക്കൂറും 45 മിനിട്ടും മാത്രമേ ഭാര്യയായി റോമിയോടൊത്തു ജീവിച്ചുള്ളൂ. എട്ടാമത്തെ ഭാര്യയെ ഉപേക്ഷിക്കുന്ന അവസരത്തിൽ "തന്നിൽനിന്നു മാറിത്താമസിക്കുന്നതിനു മാസം 1000 ഡോളർ കൊടു

ക്കാമെന്നു റോമി സമ്മതിക്കയുണ്ടായി" റോമിയുടെ സ്വന്തം ഭാഷയിൽ പറഞ്ഞാൽ താൻ "ക്ഷീണിച്ചു" എന്നാണ്. എട്ടു വിവാഹം 57 വയസ്സിനുള്ളിൽ കഴിഞ്ഞതും നിശ്ചയമായും മോശക്കാരനല്ല.

X X

